(ബി) റബ്ബർ സംഭരണം അടിയന്തരമായി പുനരാരംഭിക്കുന്നതിനായി സ.ഉ. (എംഎസ്.) നമ്പർ 176/2014/കൃഷി, തീയതി 16-8-2014 പ്രകാരം 10 കോടി രൂപ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരം അധികമായി അനുവദിച്ചതിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കിനും അനുവദിച്ചു നൽകുകയും റബ്ബർ സംഭരണം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആവശ്യങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ 11-3-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 41/2015/കൃഷി പ്രകാരം 2 കോടി രൂപ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും അനുവദിച്ചിട്ടുണ്ട്. കൂടാതെ സ്വാഭാവിക റബ്ബറിനും സ്വാഭാവിക റബ്ബറിന്റെ മറ്റ് രൂപങ്ങൾക്കും നിലവിലുണ്ടായിരുന്ന 5 ശതമാനം വാങ്ങൽ നികുതി 20-12-2014 മുതൽ 31-3-2015 വരെ ഒഴിവാക്കിക്കൊണ്ട് 20-12-2014-ൽ വിജ്ഞാപനവും (എസ്.ആർ.ഒ. നമ്പർ 796/2014) തുടർന്ന് പ്രസ്തുത സ്കീമിന്റെ നടപടിക്രമങ്ങൾ വിശദീകരിച്ചുകൊണ്ട് 22-12-2014-ൽ സ.ഉ.(പി) നമ്പർ 207/2014/നികുതി സർക്കാർ ഉത്തരവും ആയതിൽ ചില മാറ്റങ്ങൾ വരുത്തി 21-1-2015-ലെ സ.ഉ.(പി) നമ്പർ 16/2015/നികുതി സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

വിത്തുതേങ്ങ നഴ്സറി

171 (1587) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ വിത്തുതേങ്ങ നഴ്സറി ആരംഭിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

നടപടികൾ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly